4152
23/2/17

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണം കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിലെയും ഗ്രാമലക്ഷ്മി മുദ്രാലയത്തിലെയും ജീവനക്കാർക്ക് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ (എം.എസ്) നം.42/2017/തസ്വഭവ. തിരുവനന്തപുരം, തീയതി, 20.02.2017.

---

പരാമർശം:- 1. സ.ഉ.(പി) നം.7/2016/ഫിൻ തീയതി, 20.01.2016.
2. ക്രൂസ് സെക്രട്ടറിയുടെ 08.2.2016 ലെ എ/43/2016 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവു പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ പരിഷ്കരിച്ചിരുന്നു.പ്രസ്തുത പരിഷ്കരണം കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിലെയും ഗ്രാമലക്ഷ്മി മുദ്രാലയത്തിലെയും ജീവനക്കാർക്കും ബാധകമാക്കി ഉത്തരവു പുറപ്പെടുവിക്കണമെന്ന് ക്രൂസ് സെക്രട്ടറി പരാമർശം (2) ലെ കത്ത് പ്രകാരം ശുപാർശ ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിലെയും ടി സ്ഥാപനത്തിന്റെ യൂണിറ്റായ ഗ്രാമലക്ഷ്മി മുദ്രാലയത്തിലെയും സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പള സ്കെയിലുകൾ പരാമർശം -1 ഉത്തരവിലെ അനക്സർ 1 പ്രകാരവും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായും പരിഷ്കരിച്ച് ഉത്തരവാകുന്നു.

## Kerala Rural Employment and Welfare Society, Head office, Thiruvananthapuram

| Sl No | Name of Post | Sanctioned Strength | Existing Scale | Revised Scale |
|---|---|---|---|---|
| 1 | Junior Superintendent | 1 | 16180-29180 | 30700-65400 |
| 2 | UD Clerk | 1 | 13210-22360 | 25200-54000 |
| 3 | LD Clerk | 1 | 9940-16580 | 19000-43600 |
| 4 | LD Typist | 1 | 9940-16580 | 19000-43600 |
| 5 | Attender | 1 | 8960-14260 | 17500-39500 |

| | | | | |
|---|---|---|---|---|
| 6 | Driver | 1 | 9190-15780 | 18000-41500 |
| 7 | Peon | 2 | 8500-13210 | 16500-35700 |
| 8 | Office Sweeper (Part time) | 1 | 4850-7500 | 9340-14800 |

## Gramalakshmi Mudralayam, Kanjikode, Palakkad

| Sl.No | Name of Post | Sanctioned Strength | Existing Scale | Revised Scale |
|---|---|---|---|---|
| 1 | Accountant | 1 | 11620-20240 | 22200-48000 |
| 2 | Office Superintendent cum PA to General Manager | 1 | 11620-20240 | 22200-48000 |
| 3 | LD Clerk | 2 | 9940-16580 | 19000-43600 |
| 4 | Clerk cum Typist | 1 | 9190-15780 | 18000-41500 |
| 5 | Attender | 2 | 9940-16580 | 19000-43600 |
| 6 | Peon | 4 | 8500-13210 | 16500-35700 |
| 7 | Forman | 1 | 16180-29180 | 30700-65400 |
| 8 | Forman (Process and Plate making) | 1 | 16180-29180 | 30700-65400 |
| 9 | Charge man (Plate making) | 1 | 13900-24040 | 26500-56700 |
| 10 | Offset Machine operator | 4 | 13900-24040 | 26500-56700 |
| 11 | Compiler cum reader | 1 | 14620-25250 | 27800-59400 |
| 12 | Camera operator cum plate maker | 2 | 13900-24040 | 26500-56700 |
| 13 | Proof Reader cum compositor | 5 | 11620-20240 | 22200-48000 |
| 14 | Maintenance Technician cum operator | 3 | 13210-25200 | 25200-54000 |
| 15 | Assistant offset Machine operator | 4 | 9940-16580 | 19000-43600 |
| 16 | Binder | 4 | 9940-16580 | 19000-43600 |

| | | | | |
|---|---|---|---|---|
| 17 | Compositor | 4 | 9940-16580 | 19000-43600 |
| 18 | Cutting Machine Operator | 3 | 9940-16580 | 19000-43600 |
| 19 | Stiching and Sewing Machine Operator | 4 | 9940-16580 | 19000-43600 |
| 20 | Printer | 2 | 9940-16580 | 19000-43600 |
| 21 | Store Keeper | 2 | 9940-16580 | 19000-43600 |
| 22 | Electrician | 1 | 10480-18300 | 20000-45800 |
| 23 | Artist cum re-toucher | 1 | 9940-16580 | 19000-43600 |
| 24 | Plate graining Machine operator cum helper | 1 | 9940-16580 | 19000-43600 |
| 25 | Wireman | 2 | 8500-13210 | 16500-35700 |
| 26 | Driver | 2 | 9190-15780 | 18000-41500 |
| 27 | Helper | 19 | 8500-13210 | 16500-35700 |
| 28 | Peon cum Helper | 1 | 8500-13210 | 16500-35700 |
| 29 | Steward | 1 | 11620-20240 | 22200-48000 |
| 30 | Cook | 2 | 8500-13210 | 16500-35700 |
| 31 | Waiter | 2 | 8500-13210 | 16500-35700 |
| 32 | Part time Sweeper | 2 | 4850-7500 | 9340-14800 |

ശമ്പള പരിഷ്കരണം നടത്തുമ്പോൾ ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

i) 16.09.1985 ലെ സ.ഉ.(പി) നം.515/85/ധന നമ്പർ ഉത്തരവ് പ്രകാരം ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിന് ഒരു ഓഫീസിൽ കുറഞ്ഞത് 6 ക്ലർക്ക് തസ്തികകൾ ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ആകെ 2 ക്ലറിക്കൽ തസ്തികകൾ (LDC-1, UDC-1) മാത്രമേ ഉള്ളൂ എന്നതിനാൽ ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് സാധ്യതയില്ല. ഈ സാഹചര്യത്തിൽ നിലവിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരൻ ടി തസ്തികയിൽ തുടരുന്നതുവരെ മാത്രം സൂപ്പർ ന്യൂമററി തസ്തികയായി നിലനിർത്തേണ്ടതും ടി ജീവനക്കാരൻ ജൂനിയർ സൂപ്രണ്ട് തസ്തികകയിൽ നിന്നും വിരമിക്കുന്ന മുറയ്ക്ക് ടി തസ്തിക നിർത്തലാക്കേണ്ടതുമാണ്.

ii) 01.07.2014 ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പള ത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതാണ്. 01.07.2014 ന് ക്ഷാമബത്ത പൂജ്യം ആയിരിക്കും.

iii) വീട്ടുവാടകബത്ത 20.01.2016 ലെ സ.ഉ. (പി) നം. 07/2016/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കേണ്ടതാണ്.

iv) ശമ്പള നിർണ്ണയം സംബന്ധിച്ച് 20.01.2016 ലെ സ.ഉ.(പി) നം.07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവ്വീസ് വെയ്റ്റേജിന് ക്രൂസിലെയും ഗ്രാമലക്ഷ്മി മുദ്രാലയത്തിലെയും റെഗുലർ സർവ്വീസ് മാത്രം പരിഗണിക്കേണ്ടതാണ്.

v) സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് 20.01.2016 ലെ സ.ഉ. (പി) നം.07/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 7 ലെയും അനക്സർ III ലെയും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. പരിഷ്കരിച്ച സമയബന്ധിത ഹയർഗ്രേഡ് സ്കെയിലുകൾ പ്രാബല്യത്തിൽ വരുന്ന തീയതി, 01.02.2016 ആണ്.

vi) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പള സ്കെയിൽ പരിഷ്കരണം, റേഷ്യോ പ്രൊമോഷൻ, തസ്തിക അപ്ഗ്രഡേഷൻ, ഡൗൺ ഗ്രഡേഷൻ, തസ്തികകളുടെ പുനർനാമകരണം എന്നിവ നടപ്പിലാക്കാൻ പാടില്ല.

vii) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ തുടങ്ങിയവ) മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

viii) ഈ ഉത്തരവു പ്രകാരം അനുവദിച്ചിട്ടില്ലാത്ത അലവൻസുകൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവയെന്തെങ്കിലും ക്രൂസിലെയും ഗ്രാമലക്ഷ്മി മുദ്രാലയത്തിലെയും ജീവനക്കാർക്ക് നല്കിവരുന്നുണ്ടെങ്കിൽ ആയത് ഈ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണ്. ഈ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടില്ലാത്ത അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല

ix) മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, മുതലായവ) സൃഷ്ടിക്കാനോ നിലവിലുള്ള ശമ്പള സ്കെയിൽ ഉയർത്താനോ പാടില്ല.

x) മുൻകൂർ സർക്കാർ അനുമതിയില്ലാതെ സൃഷ്ടിക്കപ്പെട്ട തസ്തികയിൽ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, മുതലായവ) നിയമനം നടത്താൻ പാടില്ല.

xi) ശമ്പള സ്കെയിലുകൾ, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച് 20.01.2016 ലെ സ.ഉ. (പി) നം. 07/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

xii) ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുമ്പ് ഭരണ വകുപ്പ് മുഖേന ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടേണ്ടതാണ്.

xiii) കരാർ, ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കുശേഷം അവസാനിപ്പിക്കേണ്ടതുമാണ്.

xiv) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ക്രൂസിലെയും ഗ്രാമലക്ഷ്മി മുദ്രാലയത്തിലെയും ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

xv) മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ക്രൂസിലെ സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കും.

xvi) കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയ്ക്കും ടി സ്ഥാപനത്തിന്റെ യൂണിറ്റായ ഗ്രാമലക്ഷ്മി മുദ്രാലയത്തിനും ശമ്പള പരിഷ്കരണം അനുവദിക്കുമ്പോഴുണ്ടാകുന്ന അധിക ബാദ്ധ്യത ടി സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

 റ്റി. കെ. ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി
സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി
ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയം, കഞ്ചിക്കോട്, പാലക്കാട്,
ധനകാര്യ വകുപ്പ് (ഡെവ.1/113/2016-ഫിൻ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (15.02.2017 ലെ ഇനം. നം. 723 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ